പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3198 13-10-2011 -ൽ മറുപടിക്ക്.

## ലഹരിവിരുദ്ധ ക്ലബ്ബുകളിലെ അംഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) ലഹരി വിരുദ്ധ ക്ലബ്ബിലെ അംഗങ്ങൾ ആരെല്ലാമാണ്; | (എ) സ്കൂളിലെ പ്രധാന അദ്ധ്യാപകൻ, പി.റ്റി. എ. പ്രസിഡന്റ്, തദ്ദേശ സ്ഥാപന / പഞ്ചായത്തംഗം, എക്സൈസ് ഇൻസ്പെക്ടർ എന്നിവർ രക്ഷാധികാരികളും, സ്കൂളിലെ പ്രധാന അദ്ധ്യാപകൻ നിർദ്ദേശിക്കുന്ന, ഈ വിഷയത്തിൽ താല്പര്യമുള്ള ഒരു അദ്ധ്യാപകനായിരിക്കും ക്ലബ്ബിന്റെ കൺവീനർ. സ്കൂളിലെ, ഇതുമായി താല്പര്യമുള്ള വിദ്യാർത്ഥികളാണ് അംഗങ്ങൾ. അംഗങ്ങളിൽ നിന്ന് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കണം. |
| (ബി) ലഹരി വിരുദ്ധ ക്ലബ്ബുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ബി) ലഹരി വിരുദ്ധ ക്ലബ്ബുകൾ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും ഒരു വിദ്യാലയത്തിലെങ്കിലും ആരംഭിക്കുവാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ആഫീസർ